LIBRARY ARCHIVES Kerala Legislative Assembly

എസ്.സി.-എസ്.ടി. ഫെഡറേഷനിലെ ജീവനക്കാരുടെ പി.എഫ്., ഗ്രാറ്റുവിറ്റി വിഹിതങ്ങൾ

76 (3230) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.-എസ്.ടി. ഫെഡറേഷനിലെ ജീവനക്കാരുടെ പി.എഫ്., ഗ്രാറ്റുവിറ്റി തുടങ്ങിയവയുടെ വിഹിതങ്ങൾ ഇപ്പോൾ അടയ്ക്കാതെ കുടിശ്ശികയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ജീവനക്കാരുടെ പേര്, തസ്തിക, അടയ്ക്കുവാനുള്ള കുടിശ്ശിക തുക എന്നീ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) എസ്.സി./എസ്.ടി. ഫെഡറേഷനിലെ ജീവനക്കാരുടെ പി.എഫ്., ഗ്രാറ്റുവിറ്റി പെൻഷൻ തുടങ്ങിയവയുടെ വിഹിതങ്ങൾ താഴെപ്പറയുന്ന പ്രകാരം അടയ്ക്കാൻ കുടിശ്ശികയാണ്;

1. എസ്.പി.എഫ്. കുടിശ്ശിക - 14,92,290 രൂപ - എ 1
2. ഗ്രാറ്റുവിറ്റി കുടിശ്ശിക - 60,32,898 രൂപ - എ 2
3. പെൻഷൻ - 40,32,176 രൂപ - എ 3

കൂടാതെ, ഫെഡറേഷന്റെ ആയുർധാര യൂണിറ്റിലെ താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ്. കുടിശ്ശിക - 25,00,625 രൂപ

പെട്രോൾ പമ്പ് ജീവനക്കാരുടെ ഇ.പി.എഫ്. കുടിശ്ശിക - 12,11,875 രൂപ എന്നീ പ്രകാരമാണ്.

(ബി) കുടിശ്ശികക്കാരായ ജീവനക്കാരുടെ പേര്, തസ്തിക, അടയ്ക്കുവാനുള്ള കുടിശ്ശിക തുക എന്നീ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

എസ്.സി.-എസ്.ടി. സഹകരണ ഫെഡറേഷനിലെ ഭരണസമിതിയെ പിരിച്ചുവിട്ട നടപടി

77 (3231) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ഭരണ സമിതിയെ പിരിച്ചുവിട്ട് ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചതിനു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശേഷം, വീണ്ടും തെരഞ്ഞെടുപ്പ് നടത്തി അധികാരമേറ്റ ഭരണസമിതിയെ പിന്നെയും പിരിച്ചുവിട്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ കാരണം വിശദമാക്കുമോ?

ഉത്തരം

ഉണ്ട്. ഫെഡറേഷനിൽ 5-2-2013-ന് ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുകയും അതേ തീയതിയിൽ തന്നെ ഭരണസമിതി അധികാരമേറ്റെടുക്കുകയും ചെയ്തു. ഫെഡറേഷനിൽ സെപ്റ്റംബർ 2014 മുതൽ ഭരണസമിതിയോഗം വിളിച്ചു ചേർത്തെങ്കിലും യോഗത്തിന് ആവശ്യമായ ക്വാറം (Section 28 (5) of the Kerala Co-operative Societies Act 1969 and bylaw clause 14 (B) of the Federation) ഇല്ലാത്തതിനാൽ ഭരണസമിതി തീരുമാനങ്ങൾ കൈക്കൊണ്ട് പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ലെന്നും, തുടർച്ചയായി മൂന്ന് കമ്മിറ്റികൾ കൂടാത്ത സാഹചര്യത്തിൽ ഫെഡറേഷനിൽ നിലവിൽ ഭരണസ്തംഭനം സംജാതമായിട്ടുണ്ടെന്നും, ആയതിനാൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിന് സെക്ഷൻ 33(1)(എ.എ.) പ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ 13.03.2015-ലെ എസ്.സി.റ്റി.(1)39906/2014 നമ്പർ ഉത്തരവ് പ്രകാരം ഫെഡറേഷനിൽ പാർട്ട്ടൈം അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റർ 13.03.2015-ന് ചാർജ്ജെടുക്കുകയും ചെയ്തു.

എസ്.സി.-എസ്.ടി. ഫെഡറേഷനിലെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും

78 (3232) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി ഫെഡറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇനിയും നൽകാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എസ്.സി./എസ്.റ്റി. ഫെഡറേഷനിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ബാക്കിയുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഫെഡറേഷനിൽ സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് കുടിശ്ശിക നൽകാൻ കഴിയുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly